# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ള പോലീസുകാർ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :161 — 28/11/2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ക്രിമിനൽ കേസുകളിൽ നടപടി നേരിടുന്ന പോലീസുദ്യോഗസ്ഥരുടെ എണ്ണത്തിൽ വന്നിട്ടുള്ള വർദ്ധനവ് ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്നതിന്റെ ഭാഗമായി സ്വാഭാവികവർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ള പോലീസുകാർ രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് ക്രമസമാധാന ചുമതലയുള്ള പ്രധാന തസ്തികകളിൽ നിയമിതരാകുന്നത് പോലീസുകാർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ; | (ബി) | ഇത്തരത്തിലുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ പ്രതികളായി ശിക്ഷിക്കപ്പെട്ട ശേഷവും സർവ്വീസിൽ തുടരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | ഇക്കാര്യം പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ 24-4 | (ഡി) & (ഇ) | സംസ്ഥാന പോലീസ് മേധാവിയുടെ 24/4/2018-ലെ D6.56574/ 2018/PHQ നമ്പർ പ്രകാരം സംസ്ഥാന ക്രൈം ബ്രാഞ്ച് |

| | | |
|---|---|---|
| | 2018 ലെ ഉത്തരവ് പ്രകാരം രൂപീകൃതമായ ഉദ്യോഗതല കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | അഡി.ഡയറക്ടർ ജനറൽ ചെയർമാനായും ഐ.ജി.പി., ഇന്റലിജൻസ്, ഡി.ഐ.ജി.,എ.പി. ബറ്റാലിയൻ, എസ്.പി.,എൻ.ആർ.ഐ. സെൽ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് ഇത്തരം കേസുകൾ റിവ്യൂ ചെയ്യുന്നതിലേക്ക് ഉത്തരവായിട്ടുള്ളതാണ്. കേരളാ പോലീസ് ആക്ടിലെ സെക്ഷൻ 86-ന്റെ പരിധിയിൽ വരുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള 59 കേസുകൾ കമ്മിറ്റി റിവ്യൂ ചെയ്തിട്ടുള്ളതാണ്. കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് വന്ന ഉദ്യോഗസ്ഥരെ, ബന്ധപ്പെട്ട കേസുകളിൽ ബഹു. കോടതികൾ നാളിതുവരെ ശിക്ഷിച്ചിട്ടില്ലാത്തതിനാൽ കേരള പോലീസ് ആക്റ്റ് വകുപ്പ് 86 (3)-ന്റെ പരിധിയിൽപ്പെടുന്നില്ലാത്തതും, ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ട അധികാരികളോട് ശുപാർശ ചെയ്തിട്ടുള്ളതുമാകുന്നു. |
| (ഇ) | പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്; അത് നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ